പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.492 — 23.07.2015 ൽ മറുപടിയ്ക്ക്

## ലഹരിവിരുദ്ധ ബോധവത്കരണ പരിപാടികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സി.എഫ്.തോമസ്:<br>ശ്രീ. മോൻസ് ജോസഫ് :<br>ശ്രീ. റ്റി.യു.കുരുവിള :<br>ശ്രീ. തോമസ് ഉണ്ണിയാടൻ : | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) യുവജനക്ഷേമ ബോർഡ്, യൂത്ത് കമ്മീഷൻ എന്നിവ വഴി വിപുലമായ ലഹരിവിരുദ്ധ ബോധവത്കരണ പരിപാടികൾ സ്കൂൾ - കോളേജ് തലങ്ങളിൽ നടപ്പാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; | എ) നടപടികൾ സ്വീകരിച്ചിട്ടുണ്ട്; കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ് ലഹരി വസ്തുക്കളുടെ ഉപയോഗ ത്തിനെതിരെ ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് ലഹരി വിരുദ്ധ ബോധവത്കരണ കലാജാഥ.ആയത് എല്ലാ ജില്ലകളിലും പരമാവധി കലാലയങ്ങളിലും പൊതുസ്ഥലങ്ങളിലുമാണ് നടത്തിവരുന്നത്. കൂടാതെ യുവജനക്ഷേമ ബോർഡ് കേരള സംസ്ഥാന യുവജന കമ്മീഷനുമായി ചേർന്ന് ക്ലീൻ ക്യാമ്പസ് - സേഫ് ക്യാമ്പസ് എന്ന ക്യാമ്പയിൻ 2014-15 സാമ്പത്തിക വർഷം സംഘടിപ്പിച്ചിട്ടുണ്ട്.<br>കേരള സംസ്ഥാന യുവജനകമ്മീഷന്റെ പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി മദ്യം മയക്കമരുന്ന് ,പുകയില ഉത്പന്നങ്ങൾ ,സൈബർ കുറ്റകൃത്യങ്ങൾ, റാഗിംഗ് എന്നിവയ്ക്കെതിരെ സംസ്ഥാനത്തെ വിവിധ ജില്ലകളിലെ കോളേജുകൾ കേന്ദ്രീകരിച്ച് യുവാക്കളുടെ ഇടയിൽ ബോധവത്കരണപ്രവർത്തനങ്ങൾ നടത്തി വരുന്നു.പ്രസ്തുത പദ്ധതി പ്രകാരം യൂത്ത് ഡിഫൻസ് ഫോഴ്സ് എന്ന പേരിൽ യുവാക്കളായ സന്നദ്ധ പ്രവർത്തകരെ തെരഞ്ഞെടുത്ത് പരിശീലനം നൽകി ബോധവത്കരണ പ്രവർത്തന ങ്ങൾക്കായി നിയോഗിച്ചിട്ടുണ്ട് .മേൽ പദ്ധതികൾ നടപ്പുവർഷവും സംസ്ഥാനത്ത് എല്ലാ ജില്ലകളിലും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ,ലൈബ്രറികൾ, യുവജന ക്ലബ്ബുകൾ എന്നീ തലങ്ങളിൽ കൂടി കൂടുതൽ ഫലപ്രദമായി നടത്തുന്നതാണ്. |

| | | | |
|---|---|---|---|
| ബി) | ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ ത്രിതല പഞ്ചായത്തുകളെയും യൂത്ത് ക്ലബ്ബുകളെയും സഹകരിപ്പിച്ച് പഞ്ചായത്ത് തലത്തിലും വാർഡ് തലത്തിലും ജാഗ്രതാ സമിതികൾ രൂപീകരിക്കാൻ നടപടികൾ സ്വീകരിക്കുമോ? | ബി) | ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ ത്രിതല പഞ്ചായത്തുകളെയും യൂത്ത് ക്ലബ്ബുകളെയും സഹകരിപ്പിക്കുന്നതിന് കേരള സംസ്ഥാന യുവജനകമ്മീഷൻ ഉദ്ദേശിക്കുന്നുണ്ട്.പക്ഷെ ജാഗ്രതാ സമിതികൾ രൂപീകരിക്കുന്ന കാര്യം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ